## (21.) കടമ്മനിട്ട സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഒരു സത്യാന്വേഷകന്റെ പടച്ചട്ടയണിഞ്ഞ് മുണ്ടൻമലയിൽ നിന്നും വെറുംകൊയ്യോടെ മാർ ഈവാനിയോസ് എന്ന ഋഷിവര്യൻ സത്യത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് എത്തിച്ചേരുകയും അവിടെ ഒരു വിശ്വാസ സമൂഹത്തെ പടുത്തുയർത്തുകയും ചെയ്തു. ആ സത്യാന്വേഷകനിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് ആ വിശ്വാസ സമൂഹത്തിന്റെ അടിസ്ഥാനശിലകൾ കടമ്മനിട്ട പ്രദേശത്ത് പുത്തൻപുരയ്ക്കൽ കത്തനാർ എന്ന അതികായകനെ ദൈവം നിയോഗിച്ചു. 1933ൽ വേങ്ങൽ-മാണികുളത്ത് ഗീവർഗീസ്, ഏറത്ത് വർഗീസ്, വേക്കൽ കുര്യൻ, പൊയ്കയിൽ നൈനാൻ, കൊങ്ങണത്ത് അലക്സാണ്ടർ എന്നിവരെ കൂടി ഓലകെട്ടിയ ഒരു താത്കാലിക മന്ദിരത്തിൽ കടമ്മനിട്ട ഇടവക കൂട്ടായ്മയ്ക്ക് രൂപം നല്കി. ഓർത്തഡോക്സ് സഭയുടെ അപ്രമാദിത്വം നിറഞ്ഞുനിന്നിരുന്ന കടമ്മനിട്ട പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാസമൂഹത്തിന്റെ ആവിർഭാവം നിരന്തരമായ ഭീഷണികളുടെ കൊടുങ്കാറ്റിനു വഴിവെച്ചുവെങ്കിലും പരിശുദ്ധ സഭാ കൂട്ടായ്മയെ യാതൊരു പോറൽ ഏൽപ്പിക്കുവാൻ അവയ്ക്ക് കഴിഞ്ഞില്ല. സത്യ വിശ്വാസത്തെ തിരിച്ചറിഞ്ഞ വന്ദ്യ പുത്തൻപുരയ്ക്കൽ കത്തനാർ മുഖേന പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നു. തത്ഫലമായിട്ടാണ് ഓർത്തഡോക്സ് സമൂഹത്തേക്കാൾ കൂടുതൽ അംഗസംഖ്യ ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഉണ്ടായത്.

അംഗസംഖ്യ കൂടിവന്നപ്പോൾ ഓലകെട്ടിയ ദേവാലയം അപര്യാപ്തമാവുകയും പുതിയ ദേവാലയത്തെപ്പറ്റി ആലോചിക്കുകയും ചെയ്തു. പുതിയ ദേവാലയ നിർമ്മിതിയിൽ ഇടവക സമൂഹം കൈമെയ്മറന്ന് പങ്കാളിയായി. ഇന്നത്തെ പള്ളിമേടയുടെ സ്ഥാനത്ത് പണിയപ്പെട്ടിരുന്ന പഴയ ദേവാലയം പൊളിച്ച് മണ്ണിൽ ശ്രീ അവറാച്ചനോട് വാങ്ങിയ സ്ഥലത്ത് ഇപ്പോൾ നിലവിലെ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ ദേവാലയം നിർമ്മിച്ചു. 2000 ആണ്ട്വരെ അവിടെ വിശ്വാസ സമൂഹത്തെ ഉൾകൊണ്ട് വിശുദ്ധ കൂദാശകൾ പരികർമ്മം ചെയ്യാൻ സാധിച്ചു എന്നത് ദൈവപരിപാലനയുടെ നീണ്ട ഒരധ്യായമാണ്. കടമ്മനിട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആദ്യം ജ്ഞാനസ്നാനം സ്വീകരിച്ചത് കൊങ്ങണത്ത് ശ്രീ. അലക്സാണ്ടറുടെ മകൻ ശ്രീ. കെ.സി. തോമസ് ആണ്.

1934ൽ പുതിയ ദേവാലയത്തോട് ചേർന്ന് പള്ളിമേടയും നിർമ്മിച്ചിരുന്നു. എന്നാൽ നിലവിൽ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ ദേവാലയം നിർമ്മിച്ചപ്പോൾ മേട മാത്രമായി അവശേഷിക്കുകയും 60 വർഷങ്ങൾക്ക് ശേഷം നിലവിലെ മേട പണികഴിപ്പിച്ചത് ബഹുമാനപ്പെട്ട ചാക്കോ തടത്തിൽ അച്ചനാണ്. സെമിത്തേരിയും അതിനോട് ചേർന്ന റബ്ബർ തോട്ടവും ആയിരൂർ കുരിടാമണ്ണിൽ കുടുംബത്തിൽ നിന്നും നാം വിലയ്ക്കുവാങ്ങി. ആഡിറ്റോറിയം സ്ഥിതിചെയ്യുന്ന ഭാഗത്തെ കുറച്ച് സ്ഥലം കക്കാട്ടക്കര ശ്രീ ചാക്കോയിൽ നിന്നും ഫാ. ജോഷ്വാ പീടികയിൽ എഴുതിവാങ്ങി. ഇവിടെ ഇടവകയ്ക്ക് ആവശ്യമായ ഒരു ആഡിറ്റോറിയം നിർമ്മിച്ചു. എന്നാൽ കാലാന്തരത്തിൽ പഴയ ആഡിറ്റോറിയം ഉപയോഗങ്ങൾക്ക് അപര്യാപ്തമായതിനാൽ അന്നത്തെ ഇടവക വികാരി ഫാ. എബ്രഹാം മണ്ണിൽ 20 സെന്റ് സ്ഥലം കൂടി വിലയ്ക്കുവാങ്ങി 2012 ഡിസംബർ 8ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കല്ലീടിൽ കർമ്മം നടത്തി.

കല്ലൂർ ജംഗ്ഷനിലൽ കുരിശടി സ്ഥിതിചെയ്യുന്ന സ്ഥലം കാവിനുകിഴക്കേതിൽ അമ്പോറ്റിയുടെ പക്കൽനിന്നും ഫാ. ജോസഫ് തടത്തിൽ അച്ചൻ വാങ്ങുകയും അവിടെ കുരിശടി പണിയുകയും ചെയ്തു. റബ്ബർ തോട്ടത്തോട് ചേർന്ന് ബഹുമാനപ്പെട്ട മാത്യു പള്ളത്തുമുറിയിൽ അച്ചൻ വട്ടപ്പാറ കുറുപ്പിന്റെ കൈയ്യിൽ നിന്നും വാങ്ങുകയും അവിടെ കിണർ കുഴിക്കുകയും ചെയ്തു. നിലവിൽ ആഡിറ്റോറിയത്തിലെ ഭീമമായ ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കുന്നു.

2012 പണി ആരംഭിച്ച ആഡിറ്റോറിയം എബ്രഹാം മണ്ണിൽ അച്ചനുശേഷം വന്ന ഫാ. തോമസ് മലഞ്ചരുവിൽ പണിപൂർത്തീകരിച്ച് കൂദാശ ചെയ്ത് പ്രവർത്തന ക്ഷമമാക്കി. നിലവിൽ 1000 പേരെ വവാഹ ആവശ്യങ്ങളിൽ ഉൾക്കൊള്ളും വിധം സെന്റ് ജോൺസ് ആഡിറ്റോറിയത്തിലെ മാർ ക്രിസോസ്റ്റം ഹാൾ നിലവിൽ സ്ഥിതിചെ

യുന്നു. ഇപ്പോഴത്തെ വികാരിയായ ഫാ. കുറിയാക്കോസ് കുത്തിനേത്ത് ഇടവകയ്ക്ക് സാമ്പത്തിക ബാധ്യത ഏൽക്കാത്തവിധം മദ്ബഹാ നവീകരണം നടത്തി. 1933 ൽ രൂപംകൊണ്ട ഇടവക സമൂഹം ഇന്ന് 200 ൽപരം അംഗങ്ങൾ ഉള്ള കടമ്മനിട്ട പ്രദേശത്തെ സജീവ സാന്നിധ്യമായി നിലകൊള്ളുന്നു.

ഇടവകസ്ഥാപന ദിനം - 1933

ഇടവക മദ്ധ്യസ്ഥൻ - വിശുദ്ധ യോഹന്നാൻ മാംദാന

ഇടവക സ്ഥാപകൻ - പുത്തൻപുരയ്ക്കൽ ഗീവർഗീസ് കത്തനാർ (കടമ്മനിട്ട അച്ചൻ)

ഇടവകയിൽ സേവനം ചെയ്ത വികാരിമാർ

| | | |
|---|---|---|
| 1. ഫാ. പി.സി.ഗീവർഗീസ് പുത്തൻപുരയ്ക്കൽ | - | 1933 - 1955 |
| 2. ഫാ. ജോഷ്വാ കുന്നത്തേത്ത് (അസി.) | - | |
| 3. ഫാ. ഏബ്രഹാം തെക്കേടത്ത് | - | 1951 - 1954 |
| 4. ഫാ. ഇടിക്കുള പാണ്ടിയത്ത് | - | 1954 - 1956 |
| 5. ഫാ. ഗീവർഗീസ് കുറ്റിയിൽ | - | 1956 - 1961 |
| 6. ഫാ. ജേക്കബ് ജോൺ | - | 1961 - 1964 |
| 7. ഫാ. ഡാനിയേൽ വടക്കേക്കര | - | 1964 - 1970 |
| 8. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ | - | 1970 - 1971 |
| 9. ഫാ. ജോഷ്വാ പീടികയിൽ | - | 1971 - 1977 |
| 10. ഫാ. മാത്യു വാഴപ്പിള്ളേത്ത് | - | 1977 - 1978 |
| 11. ഫാ. തെങ്ങുവിളയിൽ (അസി.) | - | |
| 12. ഫാ. തോമസ് പടയാനിക്കൽ | - | 1978 - 1979 |
| 13. ഫാ. ജോസഫ് തടത്തിൽ | - | 1979 - 1986 |
| 14. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 1986 - 1989 |
| 15. ഫാ. ചാക്കോ തടത്തിൽ | - | 1989 - 1996 |
| 16. ഫാ. അലക്സാണ്ടർ കോയിക്കലേത്ത് | - | 1996 - 2001 |
| 17. ഫാ. മാത്യു പള്ളത്തുമുറിയിൽ | - | 2001 - 2007 |
| 18. ഫാ. മാത്യു ആലുംമൂട്ടിൽ | - | 2007 - 2008 |
| 19. ഫാ. വർഗീസ് കുത്തിനേത്ത് | - | 2008 - 2010 |
| 20. ഫാ. ഏബ്രഹാം മണ്ണിൽ | - | 2010 - 2014 |
| 21. ഫാ. വർഗീസ് കൈതോൺ | - | 2014 - 2015 |
| 22. ഫാ. തോമസ് മലഞ്ചരുവിൽ | - | 2015 - 2018 |

23. ഫാ. ജോസഫ് എരുത്തിൽവിളയിൽ (അസി.) -

24. ഫാ. കുര്യാക്കോസ് കുത്തിനേത്ത് - 2018

ഇടവകയിലെ ആകെ കുടുംബങ്ങൾ - 200

ദേവാലയം പുതുക്കിപണിത് കൂദാശ ചെയ്തത് - 2000 ഡിസംബർ 20

ഇടവകയിലെ സുപ്രധാനം ദിനം - ഇടവക തിരുനാൾ, ജനുവരി 6, 7

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

1. വന്ദ്യ പുത്തൻപുരയ്ക്കൽ ഗീവർഗീസ് കത്തനാർ
2. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ
3. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ
4. റവ. ഡോ. ഡാനിയേൽ മാണികുളം
5. ഫാ. സാമുവേൽ തോപ്പിൽ
6. ഫാ. സാമുവേൽ തോപ്പിൽ
7. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി.
8. ഫാ. സിറിയക് വെയ്യൂർകതോട്
9. ഫാ. ബിനോയ് മാത്യു പുതുപ്പറമ്പിൽ
10. ഫാ. ജോയ്സി പുതുപ്പറമ്പിൽ
11. സി. ലുറാന എസ്.ഐ.സി.
12. സി. ഏമിൽഡ എസ്.ഐ.സി.
13. സി. രശ്മി എസ്.ഐ.സി.
14. സി. മരിയ എസ്.ഐ.സി.
15. സി. ജെസീന്ദ് എസ്.ഐ.സി.
16. സി. ജാസ്മിൻ എസ്.ഐ.സി.
17. സി. അനശ്വര എസ്.ഐ.സി.
18. സി. അലീന എസ്.ഐ.സി.
19. ബ്രദർ ഫെലിക്സ് ഫ്രാൻസിസ് പത്യാല
20. ബ്രദർ ജോസഫ് ജോൺ കാട്ടുകല്ലിൽ